# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 05.02.2026** | പ്രധാന വാർത്തകൾ | **TIME: 07.25 AM**

1. നിർണായക ധാതുക്കളുടെ വിതരണ ശൃംഖലകൾ സുരക്ഷിതവും കൂടുതൽ വിശ്വാസയോഗ്യവുമാക്കുന്നതിന് ലോകരാഷ്ട്രങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   External Affairs Minister S Jaishankar has underlined the challenges of excessive concentration of critical minerals and the importance of de-risking supply chains through structured international cooperation.

2. രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത യാത്ര പ്ലാറ്റ്ഫോമായ ഭാരത് ടാക്സി കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   Union Minister of Cooperation Amit Shah will launch Bharat Taxi, India's first cooperative-based ride-hailing platform in New Delhi today.

3. പരീക്ഷ സമ്മർദ്ദം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി നാളെ.

   The Prime Minister will interact with students on issues including exam stress at the 'Pariksha Pe Charcha' event tomorrow.

4. അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ അൻപത് ശതമാനം ചിലവ് വഹിക്കാൻ തീരുമാനിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം. പദ്ധതിയ്ക്കായി

ആയിരത്തി 900 കോടി രൂപ അനുവദിക്കും.

**The Kerala state cabinet decided to bear 50 percent of the cost of the Angamaly-Erumeli Sabari railway project. Rs 1,900 crore will be allocated for the project.**

5. **കേരളത്തിൽ എസ് ഐ ആറിന്റെ ഭാഗമായുള്ള ഹിയറിംഗിലൂടെ 19,021 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ.**

   **19,021 people were excluded from the electoral rolls during the hearings as part of the SIR in Kerala, said Chief Electoral Officer Ratan U. Kelkar.**

6. **അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പിന്റെ ഫൈനലിൽ കടന്ന് ഇന്ത്യ. സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് അസമിൽ.**

   **India enters final of U-19 ODI Cricket World Cup. Santosh Trophy Football Semi-Finals to take place in Assam today.**

# PARLIAMENT

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും. വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന ലോക്സഭയിൽ ഇന്നലെയും നടപടികൾ തടസ്സപ്പെട്ടിരുന്നു.

******************************

# PREZ-VISIT- ODISHA

ഒഡീഷ സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സിമിലിപാൽ കടുവ സംരക്ഷണ കേന്ദ്രം സന്ദർശിക്കും. മേഖലയിലെ ആദിവാസി സ്ത്രീകളുമായി ശ്രീമതി മുർമു ആശയവിനിമയം നടത്തും. ജന്മനാടായ പഹാഡ്പൂർ

സന്ദർശിക്കുന്ന രാഷ്ട്രപതി SLS മെമ്മോറിയൽ സ്കൂളിലെ വിദ്യാർത്ഥികളുമായും സംവദിക്കും. ഒഡീഷ സർക്കാർ സംഘടിപ്പിക്കുന്ന 'ബ്ലാക്ക് സ്വാൻ സമ്മിറ്റ് ഇന്ത്യ'യിൽ രാഷ്ട്രപതി നാളെ പങ്കെടുക്കും.

******************************

## JAISHANKAR (INTRO)

നിർണായക ധാതുക്കളുടെ വിതരണ ശൃംഖലകൾ സുരക്ഷിതവും കൂടുതൽ വിശ്വാസയോഗ്യവുമാക്കുന്നതിന് ലോകരാഷ്ട്രങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. വാഷിംഗ്ടൺ ഡിസിയിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ വിളിച്ചുചേർത്ത ക്രിട്ടിക്കൽ മിനറൽസ് മന്ത്രിതല യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നിർണായക ധാതുക്കളെക്കുറിച്ചുള്ള ഫോർജ് സംരംഭത്തിന് ഇന്ത്യയുടെ പിന്തുണയും ശ്രീ ജയ്ശങ്കർ അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്....)

*ദേശീയ നിർണായക ധാതു ദൗത്യം, റെയർ എർത്ത് കോറിഡോറുകൾ, ഉത്തരവാദിത്തത്തോടെയുള്ള വാണിജ്യ ഇടപാടുകൾ എന്നിവയുൾപ്പെടെയുള്ള സംരംഭങ്ങൾക്കായുള്ള ഇന്ത്യയുടെ ശ്രമങ്ങളെ കുറിച്ച് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ യോഗത്തിൽ വിശദീകരിച്ചു. ആഗോള നിർണായക ധാതു വിപണിയെ പുനർനിർമ്മിക്കുന്നതിന് കൂട്ടായ പ്രയത്നം ആവശ്യമാണെന്ന് യുഎസ് വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് അറിയിച്ചു. എണ്ണയും വാതകവും പോലെ പ്രാധാന്യമുള്ളതാണ് നിർണായക ധാതുക്കൾ എന്നും വാൻസ് പറഞ്ഞു. നിർണായക ധാതുക്കളിലൂടെയുള്ള സാമ്പത്തിക സുരക്ഷ, വിതരണ ശൃംഖലകളിൽ വൈവിധ്യവും താങ്ങാനാവുന്ന വിലയും*

*ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും എടുത്തുപറഞ്ഞു. മന്ത്രിതല യോഗത്തിനു മുന്നോടിയായി ശ്രീ ജയ്ശങ്കർ കനേഡിയൻ വിദേശകാര്യ മന്ത്രി അനിത ആനന്ദ്, സിംഗപ്പൂരിന്റെ വിവിയൻ ബാലകൃഷ്ണൻ എന്നിവരുൾപ്പെടെയുള്ളവരുമായി കൂടിക്കാഴ്ച നടത്തി. ആഗോള നിർണായക ധാതു വിതരണ ശൃംഖലകൾ സുരക്ഷിതമാക്കുന്നതും വൈവിധ്യവത്കരിക്കുന്നതും ലക്ഷ്യമിട്ട് 50-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.*

*ന്യൂസ്ഡെസ്ക് ആകാശവാണി.....*

*******************************

## BHARAT TAXI -SHA

രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത യാത്ര പ്ലാറ്റ്ഫോമായ ഭാരത് ടാക്സി കേന്ദ്ര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും യാത്രകൾക്ക് സുഗമമാക്കാൻ പൗരകേന്ദ്രീകൃത പരിഹാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സുപ്രധാന നാഴികക്കല്ലാണിത്. ഇടനിലക്കാരെ ഒഴിവാക്കി ഡ്രൈവർമാർക്ക് ലാഭം ലഭ്യമാക്കാനും അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാനും ഈ സംവിധാനം മുൻഗണന നൽകുന്നതായി സഹകരണ മന്ത്രാലയം അറിയിച്ചു.

*******************************

## JK-AMIT-SHAH-VIST

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മൂന്ന ്ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ജമ്മു കശ്മീരിൽ എത്തും. കേന്ദ്ര ഭരണ പ്രദേശത്തെ സുരക്ഷ, ക്രമസമാധാനം, വികസന പ്രവർത്തനങ്ങളുടെ പുരോഗതി എന്നിവ വിലയിരുത്തുന്നതിനാണ് സന്ദർശനം.

******************************

## PIYUSH GOYAL (INTRO)

ഇന്ത്യ-യുഎസ് വ്യാപാര കരാർ ഉൽപ്പാദന വളർച്ചയ്ക്കും, സാമ്പത്തിക മുന്നേറ്റത്തിനും സഹായിക്കുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. കരാർ സംബന്ധിച്ച് രാജ്യസഭയിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ചെറുകിട, ഇടത്തരം ബിസിനസുകാർക്കും, എംഎസ്എംഇകൾക്കും, ഇതിലൂടെ പുതിയ അവസരങ്ങൾ തുറക്കുമെന്നും ശ്രീ ഗോയൽ പറഞ്ഞു.

(വോയിസ്....)

******************************

## PM- PARIKSHA PE CHARCHA

പരീക്ഷ സമ്മർദ്ദം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി നാളെ. പരിപാടി കാണാൻ പൗരന്മാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

******************************

## KERALA - ASSEMBLY

15-ാം കേരള നിയമസഭയുടെ 16-ാമത് സമ്മേളനം പുരോഗമിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഇന്ന് നടക്കും. നാളെ മുതൽ ഈ മാസം 22 വരെ സഭ ചേരുന്നതല്ല.

******************************

## SABARI RAILWAY

അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതിയുടെ അൻപത് ശതമാനം ചിലവ് വഹിക്കാനും ഇതിനായി ആയിരത്തി 900 കോടി രൂപ കിഫ്ബി വഴി നൽകാനും സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. 110 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റെയിൽ പാത ശബരിമല തീർത്ഥാടകർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാമാർഗ്ഗം ഒരുക്കുന്നതിനൊപ്പം എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ കിഴക്കൻ മലയോര മേഖലകളുടെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ ഊർജ്ജം പകരും. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ റവന്യു അധികാരികൾക്ക് നിർദ്ദേശം നൽകി. ഇക്കാര്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തെ അറിയിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

********************************

## SIR -KERALA

കേരളത്തിൽ എസ് ഐ ആറിന്റെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 19,021 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഇതിൽ, 2,510 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, 989 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 15,522 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. അതെസയം, ഹിയറിംഗ് പൂർത്തിയാക്കുന്ന ആദ്യ നിയമസഭാമണ്ഡലമായി കുട്ടനാട് മാറി. ഈ മാസം 12-നകം സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

********************************

## ECI WB

തിരഞ്ഞെടുപ്പ് നിരീക്ഷകരെ നിയമിക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുള്ള പശ്ചിമ ബംഗാൾ സർക്കാരിന്റെ അപേക്ഷ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിരസിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള 25 ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥരുടെ പട്ടിക സംബന്ധിച്ചാണ് തീരുമാനം. അതിനിടെ, പശ്ചിമ ബംഗാൾ, അസം, കേരളം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലേക്കുള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ നിരീക്ഷകരായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ യോഗം ഇന്നും നാളെയുമായി ന്യൂഡൽഹിയിൽ നടക്കും.

*******************************

## MAMATA-SC

പശ്ചിമ ബംഗാളിലെ SIR പ്രക്രിയയുടെ ഭാഗമായി പേരിലെ അക്ഷരത്തെറ്റുകൾ പോലുള്ള കാരണങ്ങളിൽ വ്യക്തികൾക്ക് നോട്ടീസ് നൽകുമ്പോൾ, കൂടുതൽ ജാഗ്രത കാണിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി. വിഷയത്തിൽ ഈ മാസം 9-നകം മറുപടി നൽകണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനോടും പശ്ചിമ ബംഗാൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറോടും സുപ്രീം കോടതി നിർദേശിച്ചു. SIR സംബന്ധിച്ച് മുഖ്യമന്ത്രി മമത ബാനർജി സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കുകയായിരുന്നു കോടതി. ആധാർ കാർഡുകൾ തിരിച്ചറിയൽ രേഖയായി സ്വീകരിക്കാൻ പോൾ പാനലിനോട് നിർദ്ദേശിക്കണമെന്ന് സുപ്രീം കോടതിയിൽ നേരിട്ട് ഹാജരായ മമത ആവശ്യപ്പെട്ടു.

*******************************

## U19-CRICKET

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ അഫ്ഗാനിസ്ഥാനെ ഏഴു വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ. മലയാളി

താരം ആരോൺ ജോർജിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ തകർപ്പൻ ജയം. സിംബാബ്‌വെയിലെ ഹരാരെയിൽ നടന്ന രണ്ടാം സെമിയിൽ, 311 റൺസിന്റെ വിജയലക്ഷ്യം ഇന്ത്യ 41.1 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ മറികടക്കുകയായിരുന്നു. നാളെ നടക്കുന്ന ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

*******************************

## SANTHOSH TROPHY (INTRO)

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. സെമിയിൽ കേരളം പഞ്ചാബിനെയും, സർവീസസ് - റെയിൽവേയ്സിനെയും നേരിടും. അസമിലാണ് മത്സരങ്ങൾ നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...**

(വോയിസ്)

*******************************

## WPL-CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് കലാശപ്പോരാട്ടം. വഡോദരയിൽ രാത്രി 7:30ന് ആരംഭിക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ബെംഗളൂരുവിന് ഇത് രണ്ടാമത്തെ ഫൈനലാണ്. അതേസമയം കന്നിക്കിരീടം തേടിയാണ് ഡൽഹി ഇറങ്ങുന്നത്. ഈ സീസണിൽ, 10 കോടി രൂപയാണ് സമ്മാനത്തുകയായി ബിസിസിഐ അനുവദിച്ചിരിക്കുന്നത്.

*******************************

## MORN. JK-TERRORISTS-KISHTWAR

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിൽ ഇന്നലെ നടന്ന ഏറ്റുമുട്ടലിൽ സംയുക്ത സുരക്ഷാസേന ഒരു ഭീകരനെ വധിച്ചു. ചത്രോയിലെ ഡിചാദ് പ്രദേശത്താണ് ഏറ്റുമുട്ടൽ നടന്നത്.

*

*************

**************************************************